# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**01 -10 -2018 to 31-03 -2019**

**വാർഡ് 5 : വിളയാട്ടുക്കണ്ടി**

**കൂത്താളി ഗ്രാമപഞ്ചായത്ത്**

**പേരാമ്പ്ര ബ്ലോക്ക്**

**കോഴിക്കോട് ജില്ല**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ**

| | |
|---|---|
| ആതിര കെഎം | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അമൃതരാജ് കെ. പി | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അപർണ കൃഷ്ണൻ | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അശ്വനി കെ വൽസൻ | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| ഷബീന എൻ.പി | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| രമ്യ വിപി | വില്ലേജ് റിസോഴ്സ് പേഴ്സൺ |

# ആമുഖം

ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിൻറെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലമെൻറ് പാസ്സാക്കിയ നിയമം ആണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23 തിയ്യതിയാണ് പാർലമെൻറ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും,വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും അതുപോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട് തൊഴിലോ

തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പുവരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിൻറെ പ്രത്യേകത. ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ന് ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും,പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു.2007 മേയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്.

ആഗോളതലത്തിൽ സവിശേഷത സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണത്തിൽ നിർണ്ണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബർ 2ന് കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## <u>മുഖ്യ ലക്ഷ്യങ്ങൾ</u>

- അവിദഗ്ദ്ധ-കായിക തൊഴിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ അസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
- ദരിദ്രരുടെ ഉപജീവസാനവുമായി ബന്ധപ്പെട്ട വിഭാവാടിത്തറ ശക്തിപ്പെടുത്തൽ.


- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.

- പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുക ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനും അവസരം.
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
- ബാങ്ക് /പോസ്റ്റ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം. ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു സോഷ്യൽ ഓഡിറ്റ് ചെയ്യുന്നു. (സോഷ്യൽ ഓഡിറ്റ് സംവിധാനം).
- പരാതി പരിഹാര സംവിധാനം

## കൂത്താളി ഗ്രാമപഞ്ചായത്ത്




പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെടുന്ന കൂത്താളി ഗ്രാമപഞ്ചായത്ത് നല്ല രീതിയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, JBDO അക്രെഡിറ്റഡ് എൻജിനീയർ, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഈ പദ്ധതിക്ക് വേണ്ടി നൽകുന്നു. 2018-2019 സാമ്പത്തിക വർഷത്തിൽ 193636 തൊഴിൽ ദിനങ്ങൾ ഈ പദ്ധതിയിലൂടെ പഞ്ചായത്ത് സൃഷ്ടിക്കുകയും 770 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂലി നഷ്ട പരിഹാരത്തിന് ആരും തന്നെ അപേക്ഷിച്ചിട്ടില്ല

## പഞ്ചായത്തിൻറെ  അടിസ്ഥാന വിവരങ്ങൾ

| പഞ്ചായത്തിൻറെ പേര് | കൂത്താളി പഞ്ചായത്ത് |
|---|---|
| വിസ്തീർണ്ണം | 14.13  ച  കി  മി |
| ജില്ല  പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക്  പഞ്ചായത്ത് | പേരാമ്പ്ര |
| താലുക്ക് | കൊയിലാണ്ടി |
| ഉൾപ്പെടുന്ന  വാർഡുകൾ | 13 |
| തൊഴിൽ  കാർഡ്  ഉടമകൾ | 3946 |
| സജീവ  തൊഴിലാളികൾ | 3652 |
| നിഷ്ക്രിയ  തൊഴിലാളികൾ | 294 |

## പഞ്ചായത്ത് അതിരുകൾ

| | |
|---|---|
| കിഴക്ക് | ചക്കിട്ടപ്പാറ |
| പടിഞ്ഞാറ് | പേരാമ്പ്ര  ചങ്ങരോത്ത്  പഞ്ചായത്ത് |
| തെക്ക് | പേരാമ്പ്ര  കായണ്ണ  പഞ്ചായത്തുകൾ |
| വടക്ക് | ചങ്ങരോത്ത്  പഞ്ചായത്ത് |

# കൂത്താളി പഞ്ചായത്ത് സ്ഥിതിവിവര കണക്കുകൾ

| | |
|---|---|
| ജില്ല | കോഴിക്കോട് |
| ബ്ലോക്ക് | പേരാമ്പ്ര |
| ജനസംഖ്യ | 13839 |
| പുരുഷന്മാർ | 6923 |
| സ്ത്രീകൾ | 6916 |
| ജനസാന്ദ്രത | 979 |
| സ്ത്രീ : പുരുഷ അനുപാതം | 999 |
| സാക്ഷരത | 91.93% |

## രീതിശാസ്ത്രം

* പ്രവർത്തി ഫയലുകൾ, രജിസ്റ്ററുകൾ, പ്രവർത്തി സ്ഥലങ്ങൾ, എം ഐ എസ് എന്നിവ പരിശോധിച്ചു.

*റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ.

*തൊഴിലാളികളുമായി സംവദിച്ചു. തൊഴിൽ കാർഡ്, പാസ് ബുക്ക്, എന്നിവ പരിശോധിച്ചു.

*റിപ്പോർട്ട് എം.ഐ.എസ് ഫോർമാറ്റ് എന്നിവ തയ്യാറാക്കി.

## തൊഴിലാളികൾക്ക് .അവകാശങ്ങൾ 10

1. തൊഴിൽകാർഡ് ലഭിക്കു വാനുള്ളഅവകാശം
2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുമുള്ള അവകാശം.
3.തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിയ്ക്കുവാനുള്ള അവകാശം,
4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം, .
5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം, അല്ലെങ്കിൽ (വേതനത്തിന്റെ 10 ശതമാനം അധികം)
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം ഇവ ലഭിയ്ക്കുന്നതിനുള്ള അവകാശം
തൊഴിലിടങ്ങളിലെ സൗകര്യങ്ങള്

15 .7ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

.8 വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിയ്ക്കുവാനുള്ള അവകാശം,

9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം,
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

**അവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്ന് ചോദിച്ചറിഞ്ഞ വിവരങ്ങൾ**

*** തൊഴിൽ കാർഡ്**

സജീവ തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല. എല്ലാവരും തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ തൊഴിലാളികൾ സ്വന്തമായി പൈസ ചിലവഴിച്ച് എടുക്കാറാണ്. തൊഴിലാളികളുടെ തൊഴിൽ കാർഡിലേക്ക് ഫോട്ടോ പഞ്ചായത്ത് നിന്ന് എടുത്തു കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നത് നല്ലതായിരിക്കും.

***തൊഴിൽ അപേക്ഷ**

പൊതു പ്രവർത്തികൾക്കായി തൊഴിലാളികൾ വ്യക്തിപരമായി അപേക്ഷ നൽകാറുണ്ട് എന്ന് മനസ്സിലായി. തൊഴിൽ അപേക്ഷിച്ച് 14 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ട് എന്ന് തൊഴിലാളികളിൽ നിന്നും മനസ്സിലായി.

*** കൂലി നഷ്ടപരിഹാരം**

തൊഴിലുറപ്പ് നിയമപ്രകാരം പ്രവർത്തി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക്ക് ഉണ്ട്. ഈ പ്രവർത്തിയുടെ വേതനം തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട്.

*** തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ**

കുടിക്കാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭ്യമാക്കണമെന്ന് തൊഴിലുറപ്പ്

നിയമം ഷെഡ്യൂൾ 2 23 28 കേന്ദ്ര വാർഷിക മാസ്റ്റർ സർക്കുലർ 8, 8.2 അനുശാസിക്കുന്നുണ്ട്. തെഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിനിടയിൽ പ്രവർത്തി സ്ഥലങ്ങളിൽ സൗകര്യങ്ങൾ ഒന്നും തന്നെ ലഭിക്കാറില്ല എന്നാണ്. തൊഴിലാളികൾ തന്നെ കുടിവെള്ളം കൊണ്ടുവരുന്നതാണ് അറിയാൻ കഴിഞ്ഞത്. പ്രഥമശുശ്രൂഷ കിറ്റുകൾ, തണൽ എന്നിവ പണി സ്ഥലങ്ങളിൽ ലഭിച്ചിട്ടില്ല.

*** ചികിത്സാസഹായം**

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ രണ്ടിൽ 5 കേന്ദ്ര വാർഷിക സർക്കുലർ 9 പ്രകാരവും സ്ത്രീകൾക്ക് തൊഴിൽ സ്ഥലത്ത് വെച്ച് അപകടം സംഭവിച്ചാൽ സഹായം ഉറപ്പുവരുത്തേണ്ടതാണ്.

*** ഷെൽഫ് പ്രൊജക്ട് തയ്യാറാക്കാനുള്ള അവകാശം**

ഷെൽഫ് ഓഫ് വർക്കിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറില്ല. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിന് ഉള്ള അവകാശം. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. തൊഴിലുറപ്പ് നിയമം സെക്ഷൻ 17(2)തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം നൽകുന്നു.

# പ്രവർത്തി സംബന്ധിച്ച വിശദാംശങ്ങൾ.

1.കയ്യാല നിർമ്മാണം വിളയാട്ടുകണ്ടി 1.

വർക്ക് കോഡ് : 1604009005/wc/328494

2.കയ്യാല നിർമ്മാണം വിളയാട്ടു കണ്ടി 4

വർക്ക് കോഡ് : 1604009005/WC/329784

3.കല്ല് കയ്യാല വിളയാട്ടുകണ്ടി ഭാഗം -2

വർക്ക് കോഡ് : 1604009005/WC/329863

4.കയ്യാല നിർമ്മാണം വിളയാട്ടുകണ്ടി -2

വർക്ക് കോഡ് : 1604009005/WC/328698

5.മണ്ണ് ബണ്ട് നിർമ്മാണം വിളയാട്ടുകണ്ടി-6

വർക്ക് കോഡ് : 1604009005/IF/391162

6.കംബോസ്റ്റ് നിർമ്മാണം വിളയാട്ടു കണ്ടി -1

വർക്ക് കോഡ് : 1604009005/RS/341162

7.തോട് നവീകരണം-5

വർക്ക് കോഡ് : 1604009005/WH/ 320070

8.കയ്യാല നിർമ്മാണം വിളയാട്ടു കണ്ടി -3

വർക്ക് code: 1604009005/WC/329781

9.തോട് നവീകരണം വിളയാട്ടു കണ്ടി -2

വർക്ക് code: 1604009005/WH/320100

10.കല്ല് കയ്യാല നിർമ്മാണം വിലയാട്ടു കണ്ടി -1

വർക്ക് കോഡ് : 1604009005/329862

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ സ്ഥിതി | അടങ്കൽ തുക | ലഭിച്ച തൊഴിൽ ദിനങ്ങൾ | ആകെ വേതനം | സാധനഘടകം |
|---|---|---|---|---|---|---|---|
| 1 | 1604009005/wc/328494 | കയ്യാല നിർമ്മാണം വിളയാട്ടുകണ്ടി 1. | completed | 300000 | 863 | 233873 | 1536 |
| 2 | 1604009005/WC/329784 | കയ്യാല നിർമ്മാണം വിളയാട്ടു കണ്ടി 4 | completed | 250000 | 705 | 191055 | 934 |
| 3 | 1604009005/WC/329863 | കല്ല് കയ്യാല വിളയാട്ടുകണ്ടി ഭാഗം - 2 | completed | 300000 | 514 | 139293 | 452 |
| 4 | 1604009005/WC/328698 | കയ്യാല നിർമ്മാണം വിളയാട്ടുകണ്ടി -2 | completed | 300000 | 1063 | 288073 | 1358 |
| 5 | 1604009005/IF/391162 | മണ്ണ് ബണ്ട് നിർമ്മാണം വിളയാട്ടു കണ്ടി-6 | completed | 300000 | 1082 | 293222 | 1714 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 6 | 1604009005/RS/ 341162 | .കംബോസ്റ്റ് നിർമ്മാണം വിളയാട്ടു കണ്ടി -1 | completed | 300000 | 318 | 86178 | 304 |
| 7 | 1604009005/WH / 320070 | 1604009005/ WH/ 320070 | completed | 250000 | 541 | 156611 | 550 |
| 8 | 1604009005/WC /329781 | കയ്യാല നിർമ്മാണം വിളയാട്ടു കണ്ടി -3 | completed | 250000 | 496 | 134416 | 916 |
| 9 | 1604009005/WH /320100 | തോട് നവീകരണം വിളയാട്ടു കണ്ടി -2 | completed | 250000 | 703 | 190513 | 792 |
| 10 | കല്ല് കയ്യാല നിർമ്മാണം | കല്ല് കയ്യാല | completed | 300000 | 472 | 127912 | 436 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വിലയാട്ടു കണ്ടി -1 | നിർമ്മാണം വിലയാട്ടു കണ്ടി -1 | | | | | |
| | | | | | | | |

## കയ്യാല നിർമ്മാണം വിളയാട്ട്കണ്ടി 1

വർക്ക് കോഡ്: 1604009005/WC/ 328 494

പ്രവൃത്തി 1 /11 /18 മുതൽ 5 /12/ 18 വരെ. അഞ്ച് ഘട്ടങ്ങളിലായി 19 മാസ്റ്റർ റോളുകളിൽ ആയി 35 തൊഴിലാളികൾ 30 ദിവസങ്ങളിലായി 863 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.അടങ്കൽ തുകയായി മൂന്ന് ലക്ഷം രൂപയും അനുവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 233873 രൂപയും

വാടകയിനത്തിൽ 1536 രൂപയും ചിലവഴിച്ചു.എം ബുക്ക് പ്രകാരം നീളം 3421. 43 മീറ്ററാണ. സൈറ്റ് സന്ദർശിച്ചപ്പോൾ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 3321 മീറ്ററാണ്. ഇടിഞ്ഞ നിലയിലും കാടും നിറഞ്ഞ നിലയിലുമാണ്. കാണാൻ കഴിഞ്ഞത്.ഫയൽ പരിശോധനയിൽ 6 ഭൂവുടമകളുടെ അപേക്ഷ കണ്ടു. ബാക്കി സജീവ തൊഴിലാളികളുടെ സ്ഥലത്താണ് പ്രവർത്തി അധികവും നടന്നിരിക്കുന്നത്. ഭു ഉടമകൾക്ക് എല്ലാം തൊഴിൽ കാർഡ് ഉണ്ടായിരുന്നു.മുൻഗണനമാനദണ്ഡമനുസരിച്ചാണ് പ്രവർത്തി ചെയ്തിരിക്കുന്നത്. (KL-04-009-005-005/69) എന്ന ആളുടെ സ്ഥലത്ത് നല്ല പ്രവർത്തി ചെയ്തതായി കണ്ടു. പ്രവർത്തികൾ എല്ലാം തന്നെ നല്ല രീതിയിൽ ചെയ്തതായി തോന്നി

## കയ്യാല നിർമാണം വിളയാട്ടുകണ്ടി - 4

വർക്ക് കോഡ് :1604009005/WC/329784

പ്രവൃത്തി 1 /11 /2018/ മുതൽ 29/ 11/ 2018 വരെ. അഞ്ച് ഘട്ടങ്ങളിലായി 18 മസ്റ്റർറോൾകളിൽ 37 തൊഴിലാളികൾ 28 ദിവസങ്ങളിലായി 705 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.അടങ്കൽ തുകയായി 25009 രൂപയും അനുവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 191055 രൂപയും വാടകയിനത്തിൽ 934 രൂപയും ചെലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം 1589.15 മീറ്റർ ആണ് ഉള്ളത്.പ്രവർത്തി സ്ഥല സന്ദർശനത്തിൽ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 1487 മീറ്റർ ആണ് ബാക്കി കാടുനിറഞ്ഞ അവസ്ഥയിലാണ്.ഫയൽ പരിശോധനയിൽ 7 ഭൂ ഉടമകളുടെ അപേക്ഷ കണ്ടു. ബാക്കി സജീവ തൊഴിലാളികളുടെ സ്ഥലത്താണ് തൊഴിൽ ചെയ്തിരിക്കുന്നത് മുൻഗണന മാനദണ്ഡം അടിസ്ഥാനത്തിലാണ്

പ്രവർത്തി ചെയ്തത്. എല്ലാ ഭൂവുടമകൾക്കും തൊഴിൽകാർഡ് ഉണ്ടായിരുന്നു. തൊഴിലാളികളോട് സംസാരിച്ചപ്പോൾ വി എം സി അംഗങ്ങൾ വരാറില്ല എന്നും, വി എം സി ശക്തിപ്പെടുത്തേണ്ടത് നിർബന്ധമാണെന്നും തൊഴിലാളികൾ അഭിപ്രായപെട്ടു.

## കല്ല് കയ്യാല വിളയാട്ടുകണ്ടി ഭാഗം 2

വർക്ക് കോഡ് :1604009005/WC/329863

പ്രവർത്തി നടന്നത് 19 /1/2019 മുതൽ 17/2/ 2019 വരെ. 5 ഘട്ടങ്ങളിലായി 15 മസ്റ്റർറോളുകളിൽ 41 തൊഴിലാളികൾ 25 ദിവസത്തെ 514 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവർത്തി വേതന ഇനത്തിൽ 139 293 രൂപയും വാടകയിനത്തിൽ 452 രൂപയും ചെലവഴിച്ചു . എം ബുക്ക് പ്രകാരം 1375. 7 3 മീറ്റർ ആണ് എന്നാൽ 1200.61 മീറ്റർ ആണ് അളക്കാൻ കഴിഞ്ഞത്. കുഞ്ഞമ്മദ് (kL-04-009-005/194) എന്ന ആളുടെ സ്ഥല ത്ത് നല്ല പ്രവർത്തികൾ കാണാൻ കഴിഞ്ഞു.

## കയ്യാല നിർമ്മാണം വിളയാട്ടു കണ്ടി 2

വർക്ക് കോഡ് :1604009005/WC/328698

പ്രവർത്തി നടന്നത് 1/ 11/2018 മുതൽ 29/ 11 /2018 വരെ. അഞ്ച് ഘട്ടങ്ങളിലായി 21 മാസ്റ്റർ റോളുകളിൽ 41 തൊഴിലാളികൾ 25 ദിവസത്തെ 1063 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുക 300000 ലക്ഷം രൂപ അനുവദിച്ച ഈ പ്രവർത്തി വേതന ഇനത്തിൽ 288.073 രൂപയും ആയുദവാടകയിനത്തിൽ 1,358 രൂപയും ചെലവഴിച്ചു. പ്രവർത്തി സ്ഥല പരിശോധനയിൽ എംബുക്ക് പ്രകാരം 1532. 96 മീറ്റർ ആണ്. അളക്കാൻ കഴിഞ്ഞത് 1450 മീറ്റർ ആണ്.മാധവി (kL-04-009-005/75) എന്ന ആളുടെ വീട്ടിൽ നല്ല പ്രവർത്തി കാണാൻ കഴിഞ്ഞു.

## മണ്ണ് ബണ്ട് നിർമ്മാണം വിളയാട്ടു കണ്ടി 6

വർക്ക് കോഡ് :1604009005/IF/ 301162

പ്രവർത്തി നടന്നത് 5/10/2018 മുതൽ 15/10/2018 വരെ.രണ്ട് ഘട്ടങ്ങളിലായി ഇതിൽ 31 മാസ്റ്റർറോളുകളിൽ 151 തൊഴിലാളികൾ 9 ദിവസത്തെ 1082 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുക 300000 രൂപ അനുവദിച്ച ഈ പ്രവർത്തി വേതന ഇനത്തിൽ 293222 രൂപയും വാടകയിനത്തിൽ 1714 രൂപയും ചെലവഴിച്ചു. പ്രവർത്തി സ്ഥല പരിശോധനയിൽ എം ബുക്ക് പ്രകാരം 600 മീറ്റർ ആണ് ഉള്ളത്. എന്നാൽ അളക്കാൻ കഴിഞ്ഞത് 590 മീറ്റർ ആണ്. ബാക്കി കാടുനിറഞ്ഞ അവസ്ഥയിലായിരുന്നു. നാരായണൻ നായർ (kL-04-009-005/182) എന്ന ആളുടെ വീട്ടിൽ നല്ല പ്രവർത്തികൾ കാണാൻ കഴിഞ്ഞു.

## കമ്പോസ്റ്റ് നിർമാണം വിളയാട്ടുകണ്ടി -1

വർക്ക് കോഡ് :1604009005/RS/341162 പ്രവർത്തി 6 /3/2019 ന് ആരംഭിച്ച 16/3/2019 ന് അവസാനിച്ചു. രണ്ട് ഘട്ടങ്ങളിലായി 9 മാസ്റ്റർ റോളുകളിൽ 48 തൊഴിലാളികൾ 10 ദിവസങ്ങളിലായി 318 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുക 300000 രൂപ അനുവദിച്ച ഈ പ്രവർത്തിക്കു വേതന ഇനത്തിൽ 86178 രൂപയും ചെലവഴിച്ചു.എംബുക്ക് പ്രകാരം വ്യത്യസ്ത ഭൂഉടമകളുടെ പ്രദേശത്ത് 212 കമ്പോസ്റ്റ് കുഴി കാണേണ്ടടുത്ത് 197 കുഴികൾ ആണ് കാണാൻ കഴിഞ്ഞത്. ഭൂവുടമയായ റഷീദ് കീരിക്കണ്ടി (kL-04-009-005/ 141) എന്നിവരുടെ സ്ഥലത്ത് കബോസ്റ്റ് കുഴി നികത്തി അവിടെ മഞ്ഞൾ കൃഷി ചെയ്തതായി കാണാൻ കഴിഞ്ഞു. ഗോപാലൻ കിഴക്കേടത്ത് (kL-04-009-005-05/29) എന്നിവരുടെ സ്ഥലത്ത് 2 കമ്പോസ്റ്റ് കുഴിയിൽ തെങ്ങിൻതൈ വെച്ചതായി കാണാൻ കഴിഞ്ഞു. ശരീഫ (kL-04-009-005-05/230) ഇവരുടെ കമ്പോസ്റ്റ് കുഴികളിൽ എല്ലാം വാഴ വെച്ച നിലയിൽ കാണാൻ സാധിച്ചു. ഭൂരിഭാഗം കബോസ്ട് കുഴികളിലും വൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് കാണപ്പെട്ടു. ഫീൽഡ് പരിശോധനയിൽ മേറ്റനു പ്രവർത്തി സ്ഥലത്തെക്കുറിച്ച് ധാരണ കുറവായിരുന്നതിനാൽ ഫീൽഡ് പരിശോധനയിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടു.

## തോട് നവീകരണം 5

വർക്ക് കോഡ് :1604009005/WH/320070

പ്രവർത്തി 14/ 12/2018 മുതൽ 29/12 /2018 വരെ. ഘട്ടങ്ങളിലായി 15 മാസ്റ്റർറോളുകളിൽ 38 തൊഴിലാളികൾ 44 ദിവസങ്ങളായി 541

തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.അടങ്ക ൽ തുകയായി 250000 രൂപയും വാടക ഇനത്തിൽ 550 രൂപയും ചിലവഴിച്ചു. എം ബുക്ക് പ്രകാരം 3155.73 മീറ്റർ ആണ് ഉള്ളത്. 2998 മീറ്റർ നീളം വരെ സൈറ്റ് സന്ദർശിച്ചപ്പോൾ അടക്കാൻ സാധിച്ചു. ബാക്കി കാടു മൂടിയ നിലയിൽ കാണാൻ കഴിഞ്ഞു ഈ പ്രവർത്തി കാടുവെട്ടിത്തെളിച്ച് മണ്ണെടുത്ത് ജലസേചന യോഗ്യമാക്കുന്ന രീതിയിൽ തന്നെയാണ് നടത്തിയത്. കുടിവെള്ള സൗകര്യം മേറ്റ് ആയ ചന്ദ്രിക (kL-04-009-005-005/ )സൈറ്റിൽ എത്തിച്ചു കൊടുക്കാറാണ് എന്ന് അറിയാൻ സാധിച്ചു.

## കയ്യാല നിർമ്മാണം വിളയാട്ടുകണ്ടി 3

വർക്ക് കോഡ് :1604009005/ WC /329781

പ്രവർത്തി ദിനം 1/ 11 /2018 മുതൽ 29 /11 /2018 ന് അവസാനിച്ചു. മൂന്ന് ഘട്ടങ്ങളിലായി 16 മസ്റ്റർറോളുകളിൽ ആയി25 തൊഴിലാളികൾ 15 ദിവസങ്ങളിലായി 496 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 250000 രൂപ അനുവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 134416 രൂപയും വാടകയിനത്തിൽ 916 രൂപയും ചിലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം വ്യത്യസ്ത ഭൂവുടമകളുടെ സ്ഥലത്ത് 19 10. 5 2 മീറ്റർ കയ്യാല ചെയ്യേണ്ടത്

1827 മീറ്റർ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത്. സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലാണ് പ്രവർത്തി അധികവും നടന്നിരിക്കുന്നത്. ഭൂവുടമകൾക്ക് എല്ലാം തൊഴിൽകാർഡ് ഉണ്ടായിരുന്നു. പ്രായം കൂടിയ സ്ത്രീ പുരുഷ തൊഴിലാളികൾ ഉൾപ്പെടെ ഉള്ളവർ തൊഴിൽ ചെയ്യുന്നതിന് വേണ്ടി കുത്തനെയുള്ള പ്രദേശങ്ങളിൽ വളരെ ബുദ്ധിമുട്ട് അനുഭവിച്ചതായി ഫീൽഡ് പരിശോധനയിൽ മനസ്സിലാക്കാൻ സാധിച്ചു.നാരായണൻ കരുവത്ത്കണ്ടിമീത്തൽ (KL-04-009-005-05/112 ) എന്നിവരുടെ സ്ഥലത്ത് കയ്യാല മഴവെള്ളത്തിൽ ഇടിഞ്ഞ നിലയിൽ കാണാൻ കഴിഞ്ഞു.

## തോട് നവീകരണം വിളയാട്ടു കണ്ടി- 2

വർക്ക്കോഡ് :1604009005/ WH/320100.

പ്രവർത്തി 14 /12/ 2018 മുതൽ 15 /1/2019 വരെ നാല് ഘട്ടങ്ങളിലായി 19 മസ്റ്റർ റോളുകളിൽ 50 തൊഴിലാളികൾ 20 ദിവസങ്ങളിലായി 703 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 250 0 00 രൂപ അനുവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 190513 രൂപയും വാടക ഇനത്തിൽ 792 രൂപയും ചിലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം നീളം 6911. 59 മീറ്റർ ആണ് ഉള്ളത്.

37 20 മീറ്റർ നീളം വരെ സൈറ്റ് സന്ദർശിച്ചപ്പോൾ അടക്കാൻ സാധിച്ചു. ബാക്കി ഭാഗങ്ങൾ കമ്പിവേലി കെട്ടിയതിനാൽ അടക്കാൻ കഴിഞ്ഞില്ല . ഈ പ്രവർത്തി കാടുവെട്ടിത്തെളിച്ച് മണ്ണെടുത്ത് ജലസേചന യോഗ്യം ആക്കുന്ന രീതിയിൽ തന്നെയാണ് നടത്തിയത്. ഈ പ്രവർത്തി ഇപ്പോഴും നല്ല രീതിയിൽ തന്നെ കാണാൻ സാധിച്ചു.

## കല്ല് കയ്യാല നിർമ്മാണം വിളയാട്ടുകണ്ടി -1

വർക്ക്കോഡ് :1604009005/WC/ 329862

പ്രവർത്തി ആരംഭിച്ചത് 19/1/2019 ന് 19/2/2019 ന് അവസാനിച്ചു. നാല് ഘട്ടങ്ങളിലായി 16 മാസ്റ്റർറോളുകളിൽ 42 തൊഴിലാളികൾ 25 ദിവസങ്ങളിലായി 472 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവർത്തിക്കു വേതന ഇനത്തിൽ 127912 രൂപയും ആയുധവാടക ഇനത്തിൽ 436 രൂപയും ചെലവഴിച്ചു.ഈ പ്രവർത്തിക്ക്കല്ലിന്റെ ക്ഷാമം ഉണ്ടായിരുന്നു. എന്ന് തൊഴിലാളികളുമായി നടത്തിയ അഭിമുഖത്തിൽ നിന്ന് മനസ്സിലായി. അതിനാൽ മണ്ണ് ഉപയോഗിച്ചാണ് ഈ പ്രവർത്തി ചെയ്തത് . കുഞ്ഞമ്മദ് (KL-04-009-005/189) എന്ന ഭൂഉടമ്മയുടെ വീട്ടിൽ നല്ലരീതിയിൽ പ്രവർത്തി നടന്നിട്ടുണ്ട്. ഈ ഫയൽ പരിശോധനയിൽ 5 ഭൂവുടമകളുടെ അപേക്ഷയാണ് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. ഈ പ്രവർത്തി ഭൂഉടമ യുടെ സ്ഥലത്ത് കൂടാതെ സജീവ തൊഴിലാളികളുടെ ഭൂമിയിലും ചെയ്തതായി കാണാൻ കഴിഞ്ഞു. ഈ പ്രവർത്തിയിൽ ഉൾപ്പെട്ട എല്ലാ തൊഴിലാളികൾക്കും വേതനം ലഭിച്ചിട്ടുണ്ട്മെഷർമെൻറ്ബുക്ക് പ്രകാരം 627.2901 മീറ്ററാണ് കാണാൻ കഴിഞ്ഞത്. ഫീൽഡ് പരിശോധനയിൽ 610 മീറ്റർ ആണ് ഞങ്ങൾക്ക് അളന്നു തിട്ടപ്പെടുത്താൻ കഴിഞ്ഞത്.

കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും.

**1. കവർപേജ്**

പ്രവൃത്തി ഫയലിൽ എം ഐ എസ് പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നില്ല. സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുക പ്രവൃത്തി ഫയലുകളിൽ ഒന്നും തന്നെ കവർ പേജ് കാണുവാൻ സാധിച്ചില്ല. കവർപേജ് എല്ലാ പ്രവൃത്തി ഫയലിലും സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

**2. ചെക്ക് ലിസ്റ്റ്**

പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏത് പേജു മുതൽ സൂക്ഷിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പൊതു പ്രവൃത്തികളുടെ ഫയലുകളിൽ ചെക്ക് ലിസ്റ്റ് കാണുവാൻ കഴിഞ്ഞില്ല.

**3. ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.**

പ്രസ്തുത പ്രവർത്തി

പഞ്ചായത്തിലെ നടപ്പ് വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻ പ്ലാനിന്റെ കോപ്പി. പൊതു പ്രവർത്തികളുടെ

ഫയലുകളിൽ ആക്ഷൻ പ്ലാൻ പകർപ്പ് കാണുവാൻ കഴിഞ്ഞില്ല.

**4. ഭരണാനുമതി**

പ്രവൃത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ. ഭരണാനുമതി എല്ലാ പ്രവൃത്തികൾക്കും

ഉണ്ടായിരുന്നു .

## 5. സാങ്കേതിക എസ്റ്റിമേറ്റ്  ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി

ഒരു പ്രവൃത്തി എങ്ങനെ എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്.

എസ്റ്റിമേറ്റ് ഡിസൈൻ പൊതു പ്രവൃത്തിയുടെ ഫയലുകളിൽ കാണാൻ സാധിച്ചു.

എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട രേഖകളിൽ ഒന്നുംതന്നെ തീയ്യതി യോടു കൂടിയ  ഒപ്പ് കാണാൻ കഴിഞ്ഞില്ല.

## 6. സാങ്കേതിക അനുമതി കോപ്പി

പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി രേഖ. പൊതു പ്രവൃത്തികളുടെ ഫയലുകളിൽ സാങ്കേതികാനുമതി പകർപ്പ് കാണുവാൻ കഴിഞ്ഞു.

## 7. സംയോജിത പദ്ധതി വിശദാംശങ്ങൾ.

ബാധകമല്ല.

## 8. തൊഴിലിനുള്ള അപേക്ഷ

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ്  അപ്ലിക്കേഷൻ ഫോം. തൊഴിൽ ആവശ്യപ്പെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ ജോലി നൽകിയോ എന്നറിയുവാൻ സഹായിക്കുന്ന രേഖ കൂടിയാണ് ഡിമാൻഡ് അപ്ലിക്കേഷൻ ഫോം. വ്യക്തിപരമായി തൊഴിലാളികളുടെ അപേക്ഷ ഫയലുകളിൽ കാണുവാൻ സാധിച്ചു. തൊഴിൽ കാർഡ് നമ്പർ, പേര്, അപേക്ഷിച്ച ദിവസം എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിലിന് അപേക്ഷിക്കുന്നുണ്ടെങ്കിൽ പോലും അപേക്ഷയിൽ എന്നു മുതൽ എന്നു വരെ തൊഴിൽ വേണമെന്ന് കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

14 ദിവസത്തേക്ക് മാത്രം അപേക്ഷിക്കുന്നതിനുള്ള ഫോം ആണ് ഉള്ളത്. കൈപ്പറ്റ് രസീത് തൊഴിലാളികൾക്ക് നൽകുന്നില്ല. എന്നാൽ ഫീൽഡ് സന്ദർശനത്തിൽ മനസ്സിലാക്കാൻ സാധിച്ചത്

ഇതിനായി മൂന്നു രൂപ തൊഴിലാളികളിൽ നിന്ന് ചെലവാക്കുന്നുണ്ട് എന്നതാണ്. ( WC/329784 - കയ്യാല നിർമാണം വിളയാട്ടുകണ്ടി -4 കൈപറ്റു രസീത് വാങ്ങിയിട്ടുണ്ട് )

## 9. തൊഴില് അനുവദിച്ചതിനെ പകർപ്പ്

പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി ലഭിച്ചു എന്ന് അറിയാൻ ഈ ഫോം സഹായിക്കും സോഷ്യൽ ഓഡിറ്റ് നടത്തിയ ഫയലുകളിൽ പ്രവർത്തി അനുവദിച്ചതിന്റെ പകർപ്പ് ഫയലുകളിൽ കാണുവാൻ സാധിച്ചില്ല.

## 10. പൂരിപ്പിച്ച മാസ്റ്റർറോളിന്റെ കോപ്പി

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്താനുള്ള രേഖയാണ് മാസ്റ്റർ റോൾ. എല്ലാ ഫയലുകളിലും പൂരിപ്പിച്ച് മാസ്റ്റർ റോൾ ഉണ്ടായിരുന്നു. ഹാജറിനൊപ്പമുള്ള പ്രവർത്തി ചെയ്ത ദിവസം അടയാളപ്പെടുത്തിയിട്ടില്ല.

## 11. മെഷർമെൻറ് ബുക്കിന്റെ കോപ്പി

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. എല്ലാ ഫയലിന്റെയും മെഷർമെൻറ് ബുക്ക് കൃത്യമായി സൂക്ഷിച്ചതായി കാണുന്നു.

## 12. സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രൊക്യുർമെന്റ്. സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയും 10പ്രവൃത്തി ഫയലുകളിലും കാണാൻ കഴിഞ്ഞില്ല.

## 13. വെജ് ലിസ്റ്റ്

മാസ്റ്റർ റോളിൽ ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖ ആണ്. എല്ലാ ഫയലിലും പ്രാദേശികമായിട്ടുള്ള വെജ് ലിസ്റ്റ് കാണാൻ സാധിച്ചു.

## 14. വേതനത്തിന്റെയും സാധനങ്ങൾക്ക് പണം അടച്ചതിന്റെയും

എഫ് ടി ഒ യുടെ കോപ്പി പ്രാദേശികമായി കാണാൻ സാധിച്ചു.

## 15. മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളും കോപ്പി

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ ഡോക്യുമെൻററി.

## 16.റോയലിറ്റി അടച്ചതിന്റെ രസീത് കോപ്പി

ബാധകമല്ല.

## 17. മൂന്ന് ഘട്ടങ്ങളിൽ ആയുള്ള തൊഴിലിന്റെ ഫോട്ടോകൾ

പ്രവർത്തനവുമായി ബന്ധപ്പെടുത്തി എടുക്കേണ്ട മൂന്ന് ഫോട്ടോ പതിപ്പുകൾ അതായത് പ്രവർത്തനത്തിന് ആരംഭം, പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ, പ്രവർത്തനം പൂർത്തീകരിച്ചപ്പോൾ എന്നീ മൂന്ന് തരം ഫോട്ടോ സോഷ്യൽ ഓഡിറ്റ് പരിശോധന സമയത്തു ഫയലുകളിൽ കാണാൻ

കഴിഞ്ഞില്ല.

## 18.പൂർത്തീകരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി

പ്രവർത്തി പൂർത്തീകരിച്ചു എന്നതിന്റെ രേഖയാണ് പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം . ഇത് ഫയലുകളിൽ ഒന്നും തന്നെ കാണാൻ കഴിഞ്ഞില്ല.

## 19.മാസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പ് /ഫയൽ ട്രാക്കിങ് ഫോറം

പ്രവർത്തി ഫയലുകളിൽ എല്ലാം തന്നെ ഫയൽ ട്രാക്കിങ് ഫോറം ഉണ്ടായിരുന്നു.

## 20. ആസ്തി യുടെ ജിയോ ടാഗ് ഫോട്ടോകൾ

പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോഗ്രാഫ്. ജിയോ ടാഗ് ഫോട്ടോകൾ ഫയലുകളിൽ ഒന്നും ലഭ്യമായിരുന്നില്ല.

## 21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി.

പ്രവർത്തി സോഷ്യൽ ഓഡിറ്റിന് വിധേയമായതാണോ എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറു മാസം കൂടുമ്പോൾ ഓഡിറ്റ് ചെയ്യേണ്ടതാണ്.

## 22. സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. മേറ്റിന്റെ വിലാസവും ഫോൺ നമ്പരും കൃത്യമായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്.

## <u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് അഞ്ചാം വാർഡ്</u>

കൂത്താളി ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 4/11/2019 ന് 11 മണിക്ക് കിഴക്കൻ പേരാമ്പ്ര പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ അഞ്ചാം വാർഡ് മെമ്പർ റഹ്മത്ത്, 65 തൊഴിലുറപ്പ് തൊഴിലാളികൾ, വി ർ പി മാർ എന്നിവർ പങ്കെടുത്തു.

സ്വാഗതം : വാർഡ് മെമ്പർ റഹ്മത്ത്

അധ്യക്ഷ : ബീന

പ്രതിജ്ഞ : അശ്വനി കെ വത്സൻ

ആമുഖം : ആതിര കെഎം

റിപ്പോർട്ട് അവതരണം : അപർണകൃഷ്ണൻ

നന്ദി : മൊയ്തീൻ( തൊഴിലാളി)

## ഗ്രാമസഭയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ, വിശദീകരണങ്ങൾ തീരുമാനങ്ങൾ,

തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ തൊഴിലാളികളുമായി നടത്തിയ ചർച്ചയിൽ തൊഴിലാളികൾ ചോദിച്ച ചോദ്യങ്ങളും അതിനുള്ള മറുപടിയും താഴെ കൊടുക്കുന്നു.

## ചർച

1. ജാനു (KL 04-009-005-005/37) 100 പണി തികയാതെ ക്രോസ്സ് വരുന്നു

2. അമ്മദ് (KL 04-009-005-005/22) 100 പണി തികഞ്ഞിട്ടും ആയിരം രൂപ കിട്ടിയില്ല.

3. മൊയിതീൻ (kL-04-009-005-/4) കാലാവസ്ഥയ്ക്ക് അനുസൃതമായി പണി ലഭിക്കുന്നില്ല.

- ഫസ്റ്റ് എയ്ഡ് ബോക്സ് ലഭിക്കുന്നില്ല.
- വാഴയും തെങ്ങിൻ തൈകളും വെച്ചുപിടിപ്പിക്കാമോ മഴ കുഴിയിൽ.?

4.സാറാ (kL-04-009-005/14) മസ്റ്റർറോൾ തൊഴിലാളികൾക്ക് പരിശോധിക്കാനുള്ള അവകാശം ഉണ്ടോ?

5. റീത്ത (KL-04-009-005/ 24) തൊഴിൽ കണ്ടെത്താൻ ഉള്ള അവകാശം തൊഴിലാളികൾക്ക് ഉണ്ടോ?

6.പത്മിനി (KL-04-009-005-005/108) ഭക്ഷണത്തിന് അനുവദനീയമായ സമയം?

7. ഫാത്തിമ (KL-04-009-005/107)തൊഴിൽ വേതനം കൃത്യമായി ലഭിക്കുന്നില്ല.

## മറുപടി

- സോഫ്റ്റ്‌വെയർ കംപ്ലൈൻറ് മൂലമാണെന്നും ഇനിമുതൽ ബ്ലോക്കുമായി കൂടിയാലോചിച്ച് പ്രശ്നം ഇനി വരാതെ പരിഹരിക്കാം എന്നും പറഞ്ഞു.
- 100 പണി തികഞ്ഞ അവരുടെ പേര് ഗ്രാമസഭയിൽ വായിക്കുമെന്നും 1000 രൂപ ലഭിച്ചിട്ടില്ലെങ്കിൽ ബാങ്കുമായി ബന്ധപ്പെട്ട് അക്കൗണ്ട് ഡീറ്റെയിൽസ് എന്തെങ്കിലും പിഴവ് സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനും നിർദേശിച്ചു.
- കാലാവസ്ഥക്ക് അനുസൃതമായി തൊഴിൽ നിർദേശിക്കാൻ ഉള്ള അവകാശം തൊഴിലാളികൾക്ക് ഉണ്ട് . അടുത്ത പ്രവർത്തി മുതൽ കാലാവസ്ഥക്ക് അനുസൃതമായി പണി നൽകാൻ ശ്രമിക്കാം എന്നു പറഞ്ഞു.
- മഴക്കുഴിയിൽ ഒരു കാരണവശാലും തെങ്ങിൻതൈകൾ, വാഴ മറ്റോ വച്ച് പിടിപ്പിക്കരുത് , മഴക്കുഴി അതേപോലെ നിർത്തണമെന്നും നിർദ്ദേശിച്ചു. കുറഞ്ഞത് മൂന്ന് വർഷം വരെ ഒരു പ്രവർത്തി നിലനിൽക്കണം എന്നു നിർദ്ദേശിച്ചു.
- മാസ്റ്ററോൾ പ്രവർത്തി സ്ഥല ങ്ങളിൽ എല്ലാദിവസവും മേറ്റുമാർ കൊണ്ടുവരികയും തൊഴിലാളികൾ ആവശ്യപ്പെടുകയാണെങ്കിൽ അത് പരിശോധിക്കാൻ അവരെ അനുവദിക്കണമെന്നും നിർദ്ദേശിച്ചു.
- തൊഴിൽ കണ്ടെത്താനുള്ള അവകാശം തൊഴിലാളികൾക്ക് ഉണ്ട് എന്ന് നിർദ്ദേശിച്ചു.
- ഭക്ഷണത്തിന് അനുവദിനീയമായ സമയം ഒരു മണിക്കൂർ ആണെന്ന് പറഞ്ഞു കൊടുത്തു.
- വേതനം കൃത്യമായി ലഭിക്കാത്തത് ഫണ്ടിന്റെ കുറവ് കൊണ്ടാനെന്നു പറഞ്ഞു.

അഞ്ചാം വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ഓവർസിയർ, എ. ഇ പങ്കെടുത്തില്ല അതിന് കാരണമായി അവർ പറഞ്ഞത് കോഴിക്കോട് മീറ്റിംഗിൽ പങ്കെടുക്കാൻ ഉള്ളത് കൊണ്ടാണ് അന്നത്തെ ദിവസം ഗ്രാമസഭയിൽ പങ്കെടുക്കാൻ കഴിയാത്തത് എന്നാണ്.